ഗുണ്ടാ അക്രമങ്ങൾ തടയുന്നതിന് നിയമനിർമ്മാണം

40 [40] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഗുണ്ടാ അക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുവാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ചില സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും, സ്വകാര്യ ടെലിഫോൺ കമ്പനികളും, ഉപഭോക്താക്കളിൽ നിന്നും പണം ഈടാക്കാൻ കൂലിത്തല്ലുകാരേയും മറ്റും ഉപയോഗിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഗുണ്ടാ പ്രവർത്തനം വ്യാപിക്കുവാൻ ഇത് കാരണമായിട്ടുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്ത് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. സംഘടിത അക്രമപ്രവർത്തനങ്ങളും സ്ഥിരം കുറ്റവാളികളുടെ കുറ്റകൃത്യങ്ങളും തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ അത്രകണ്ട് ഫലപ്രദമല്ലാത്തതിനാൽ ടി കുറ്റകൃത്യങ്ങൾ തടയുന്നതിന് ഒരു കരട് നിയമം തയ്യാറാക്കി പരിഗണിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഗുണ്ടാ പ്രവർത്തനം തടയുന്നതിന്റെ ഭാഗമായി എ. ഡി. ജി. പി. ഓപ്പറേഷന്റെ നേതൃത്വത്തിൽ എല്ലാ സോണൽ ഐ. ജി. മാർക്കും-റേഞ്ച് ഡി. ഐ. ജി. മാർക്കും, എസ്. പി. മാർക്കും സി. പി. മാർക്കും സംഘടിത കുറ്റവാളികളേയും കൂലിത്തല്ലുകാരേയും അവരുടെ നീക്കങ്ങൾ മുൻകൂട്ടി നിരീക്ഷിക്കുന്നതിന് പോലീസ് ആസ്ഥാനത്തുനിന്നും കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെയും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിന്റെയും ക്രോഡീകരിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമായി ഇത്തരം പ്രവർത്തകരെ നിയമാനുസൃതമായ മുൻകരുതൽ അറസ്റ്റ്, നല്ല നടപ്പ് എന്നീ പ്രതിരോധ നടപടികൾക്ക് വിധേയരാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly